<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: എച്ച്.ദിനേശൻ ഐ.എ.എസ്.)

ഉത്തരവ് നം.SJD/1684/2022-E6

തിരുവനന്തപുരം,
തീയതി. 18-02-2024

---

വിഷയം:- സാമൂഹ്യനീതിവകുപ്പിലെ സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ടിട്ടുള്ള വിവിധ തസ്തികകളിലെ ജീവനക്കാരുടെ 31/5/2022 വരെയുള്ള കാലയളവിലെ അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1 ജി.ഒ.(പി.) നം.54/2010 സാ.ക്ഷേ.വ തീയതി.10/8/2010

2. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 24/10/2016 ലെ ഇ9/39988/2015 നം നടപടിക്രമങ്ങൾ.

3. സ.ഉ.(അച്ചടി) നം. 10/2019/സാ.നീ.വ. തീയതി 21/10/2019

4. സ.ഉ.(കൈ) നം. 6/2021/സാ.നീ.വ. തീയതി 15/02/2021

5. സാമൂഹ്യനീതി ഡയറക്ടറുടെ 26-11-2023 ലെ SJD/1684/2022-E6 നം നടപടിക്രമങ്ങൾ

6. സൂപ്പർവൈസർ, VTCT തിരുവനന്തപുരത്തിന്റെ V.T.C.T 17/13 നം 2/12/2022 ലെ കത്ത്. കത്ത്.

7. സൂപ്പർവൈസർ, VTC കോഴിക്കോടിന്റെ നം രേഖപ്പെടുത്താത്ത 29/11/2022 ലെ കത്ത്.

8. ശ്രീമതി.രാധിക.പി.ആർ ഫയൽ ചെയ്ത OA No.1503/2023 ശ്രീമതി.ദീപാലക്ഷ്മി.ആർ, ശ്രീമതി.അൽ അസീഖ.എസ് എന്നിവർ ചേർന്ന് ഫയൽ ചെയ്ത OA No.1509/2023 എന്നീ കേസുകളിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 19/09/2023-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ്.

9. സർക്കാർ കത്ത് നം.എ1/104/2023/സാ.നീ.വ തീയതി.02-12-2023

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരം നിലവിലുള്ള വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 20 ൽ ഉൾപ്പെടുന്ന സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രയിനിംഗ് സെന്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി 24 (ഇൻസ്ട്രക്ടർ കാർപെന്ററി), 33 (ഇൻസ്ട്രക്ടർ ബൈൻഡിംഗ്), 34 (ഇൻസ്ട്രക്ടർ ടെയിലറിംഗ്&എംബറോയിഡറി), 35 (ഇൻസ്ട്രക്ടർ ലെതർ വർക്ക്സ്), 36 (ഇൻസ്ട്രക്ടർ പ്ലാസ്റ്റിക് വർക്ക്സ്), 37 (ഇൻസ്ട്രക്ടർ പോട്ടറി ആന്റ് മാറ്റ് വീവിംഗ്), എന്നീ തസ്തികകളാണ് നിശ്ചയിച്ചിട്ടുള്ളത്. വകുപ്പ് വിഭജനത്തിന്റെ ഭാഗമായി സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രയിനിംഗ് സെന്റർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ടിട്ടുള്ള കാറ്റഗറി 24 ലെ കാർപെന്ററി ഇൻസ്ട്രക്ടർ തസ്തിക, വനിത ശിശു വികസന വകുപ്പിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട്. പരാമർശം (2) പ്രകാരം കാറ്റഗറി 33 ഇൻസ്ട്രക്ടർ ബുക്ക് ബൈൻഡിംഗ്, കാറ്റഗറി 34 ഇൻസ്ട്രക്ടർ ടെയിലറിംഗ് & എംബ്രോയിഡറി, എന്നീ തസ്തികകളിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. കാറ്റഗറി 35 (ഇൻസ്ട്രക്ടർ ലെതർ വർക്ക്സ്), 36 (ഇൻസ്ട്രക്ടർ പ്ലാസ്റ്റിക് വർക്ക്സ്), 37 (ഇൻസ്ട്രക്ടർ പോട്ടറി ആന്റ് മാറ്റ് വീവിംഗ്) എന്നീ തസ്തികകളിൽ 31/5/2022 വരെയുള്ള കാലയളവിൽ ജീവനക്കാർ ആരും തന്നെ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

2. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ട വിവിധ തസ്തികയിലെ ജീവനക്കാരുടെ 31/5/2022 വരെയുള്ള സംയുക്ത കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയും ജീവനക്കാരിൽ നിന്ന് കാര്യാലയ മേധാവികൾ മുഖേന ആക്ഷേപം/പരാതികൾ ക്ഷണിയ്ക്കുകയുമുണ്ടായി.

3. പരാമർശം (6) പ്രകാരം കാര്യാലയ മേധാവി മുഖേന ലഭ്യമായ കത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ശ്രീമതി.ദീപാലക്ഷ്മി.ആർ-ന്റെ സ്പെഷ്യൽ വിദ്യാഭ്യാസ യോഗ്യതയായി അക്കൌണ്ട് ടെസ്റ്റ് ലോവർ കൂടി ഉൾപ്പെടുത്താൻ അപേക്ഷിക്കുകയുണ്ടായി. താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ആയി ഉൾപ്പെട്ട ശ്രീമതി.ദീപാലക്ഷ്മി.ആർ-ന്റെ സ്പെഷ്യൽ വിദ്യാഭ്യാസ യോഗ്യതയായി അക്കൌണ്ട് ടെസ്റ്റ് ലോവർ കൂടി അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്നു. സീനിയോറിറ്റി ലിസ്റ്റിൽ ക്രമനം.3 ശ്രീമതി.അൽഅസീഖയുടെ ജനനവർഷം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് തിരുത്തണമെന്നും പെൻ നം ഉൾപ്പെടുത്തണം എന്നും അറിയിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയുണ്ടായി താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 3 ആയി ഉൾപ്പെട്ട ശ്രീമതി. അൽഅസീഖ.എസിന്റെ ജനനതീയതി അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ 02/03/1974 എന്ന് ഭേദഗതി വരുത്തുന്നു.

4. പരാമർശം (7) പ്രകാരം ലഭ്യമായ ശ്രീമതി.രാധിക.പി.ആർ.ന്റെ പരാതി/ആക്ഷേപത്തിൽ സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നടത്തേണ്ടത് എങ്ങിനെയെന്ന് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്നില്ലായെന്നും, സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III തസ്തികയിലെ പ്രൊമോഷനുള്ള ഫീഡർ കാറ്റഗറിയിൽ ഇൻസ്ട്രക്ടർ ബുക്ക് ബൈന്റിംഗ് തസ്തിക കൂടി ഉൾപ്പെടുത്തണം എന്ന ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. പരാമർശം (8) പ്രകാരം ശ്രീമതി.രാധിക.പി.ആർ, ശ്രീമതി.ദീപാലക്ഷ്മി.എം, ശ്രീമതി.അൽ അസീഖ.എസ് എന്നിവർ ഫയൽ ചെയ്ത OA No.1503/2023 & OA No.1509/2023 എന്നീ കേസുകളിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 19/09/2023-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് അടിസ്ഥാനപ്പെടുത്തി പരാമർശം (9) പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിലവിലെ വിശേഷാൽ ചട്ടങ്ങൾ/നിയമങ്ങൾ/ഉത്തരവുകൾ അടിസ്ഥാനമാക്കി ഉദ്യോഗക്കയറ്റ നിയമനം അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ പരാമർശം (1) നിലവിലെ വിശേഷാൽ ചട്ടമനുസരിച്ച് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച സാമൂഹ്യനീതിവകുപ്പിലെ സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ട നിലവിലുള്ള വിവിധ തസ്തികകളിലെ ജീവനക്കാരുടെ 31/5/2022 വരെയുള്ള സംയുക്ത താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എച്ച്.ദിനേശൻ.ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. എഫ് സെക്ഷൻ സൂപ്രണ്ട് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ /സ്പെയർ.

Signed by H Dineshan
Date: 18-02-2024 14:54:28

/145400/2024

സാമൂഹ്യനീതിവകുപ്പിലെ ***സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ*** തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ടിട്ടുള്ള ഇൻസ്ട്രക്ടർ ബുക്ക് ബൈൻഡിംഗ് (കാറ്റഗറി 33), ഇൻസ്ട്രക്ടർ ടെയിലറിംഗ് & എംബ്രോയിഡറി (കാറ്റഗറി 34), ഇൻസ്ട്രക്ടർ ലെതർ വർക്ക് (കാറ്റഗറി 35), ഇൻസ്ട്രക്ടർ പ്ലാസ്റ്റിക് വർക്ക്സ് (കാറ്റഗറി 36), ഇൻസ്ട്രക്ടർ പോട്ടറി ആന്റ് മാറ്റ് വീവിംഗ് (കാറ്റഗറി 37) എന്നീ തസ്തികകളിലെ ജീവനക്കാരുടെ 31/5/2022 വരെയുള്ള അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ്.

| ക്രമ നം | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| | 2 | 3 | 4 | 5 | 6 | 7 | 9 |
| 1. | രാധിക.പി.ആർ<br>പെൻ 687031<br>ഇൻസ്ട്രക്ടർ<br>ബുക്ക് ബൈൻഡിംഗ് | 20-05-1980 | M.A. MSW Diploma in printing Technology | AC (L) | DV(2) 1704/08 DTD 22-04-2011<br>PSC KKD<br>E8/26589/2011 DTD 19-08-2011 | 29-08-2011 | |
| 2. | ദീപാലക്ഷ്മി.ആർ<br>പെൻ 469549<br>ഇൻസ്ട്രക്ടർ<br>ബുക്ക് ബൈൻഡിംഗ് | 01-05-1976 | BSc. Dip in printing Technology | MOP<br>AC (L) | DTC (2) 1539/07 DTD 18-03-2013<br>PSC TVM<br>E8/8184/13 DTD.23-03-2013 | 27-03-2013 | |
| 3. | അൽ അസീഖ.എസ്<br>പെൻ 470175<br>ഇൻസ്ട്രക്ടർ<br>ടെയിലറിംഗ് &<br>എംബ്രോയ്ഡറി | 02-03-1974 | SSLC, KCTE (Ten) | | DTC (2) 1538/07DTD 26-03-2013<br>PSC TVM<br>E8/8184/13 DTD.27-03-2013 | 30-03-2013 | |

Signed by H Dineshan
Date: 18-02-2024 14:53:38